**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5064** **04-07-2024 - ൽ മറുപടിയ്ക്ക്**

**സൗജന്യ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാചകത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ റിപ്പോർട്ടുകൾ വൈകുന്നത് പൊതു വിദ്യാലയങ്ങളിലെ സൗജന്യ ഉച്ചഭക്ഷണ പദ്ധതിയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട് എന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | പ്രസ്തുത ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ഉച്ചഭക്ഷണപദ്ധതിക്കടക്കം സ്കൂളുകളിൽ ഉപയോഗിക്കുന്ന കുടിവെള്ള സാമ്പിൾ അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്നും സ്കൂളിലെ ജലസംഭരണികളും കിണറുകളും ശുചീകരിക്കുവാനും അണുവിമുക്തമാക്കാനും ബന്ധപ്പെട്ട എല്ലാ പ്രധാനാധ്യപകർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.05.2024, 31.05.2024 തീയതികളിലെ QIP(1)/7335/2024/DGE നമ്പർ സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പരിശോധനാ റിപ്പോർട്ടുകൾ സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ നാളിതുവരെ ലഭിച്ചിട്ടുണ്ടെന്നും എത്ര സ്കൂളുകളിൽ ലഭിക്കാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായുള്ള 10675 സ്കൂളുകളിൽ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് കുടിവെള്ള പരിശോധന നടത്തിയിട്ടുണ്ട്. അതിൽ 8314 സ്കൂളുകൾക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2361 സ്കൂളുകൾക്ക് പരിശോധനാ റിപ്പോർട്ട് ലഭ്യമാകാനുണ്ട്. |
| (സി) | അധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് തന്നെ ജല പരിശോധന ഉൾപ്പെടെയുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ പരാജയപ്പെട്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.ടി.എ, എസ്.എം.സി എന്നിവയുടെ നേതൃത്വത്തിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടെയും സഹകരണത്തോടേയും സ്കൂൾ തുറക്കുന്നതിന് മുമ്പായി സ്കൂളിലെ ജലസംഭരണികളും, കിണറുകളും വൃത്തിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.05.2023 ലെ എൻ.എം.എ(1) – 10706/2024/ഡിജിഇ നമ്പർ കത്ത് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ജല പരിശോധന റിപ്പോർട്ടുകൾ ലഭിക്കാത്ത സ്കൂളുകളിൽ കുട്ടികളുടെ ഭക്ഷണത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജല പരിശോധനാ റിപ്പോർട്ടുകൾ ലഭിക്കാത്ത സ്കൂളുകളുടെ വിവരങ്ങൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ